## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3845.

21-10-2016 ൽ മറുപടിയ്ക്ക്

### മുണ്ടക നെൽകൃഷി

**ചോദ്യം**
ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിന്റെ തീരദേശങ്ങളിലെ ഓരുജലം കയറുന്ന പ്രദേശങ്ങളിലെ നീർത്തടങ്ങളിൽ മുണ്ടകനെല്ല് കൃഷി ചെയ്യുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തൃശ്ശൂർ ജില്ലയിൽ മാള, വെള്ളാങ്ങല്ലൂർ, മുല്ലശ്ശേരി ബ്ലോക്കുകളിലും കണ്ണൂരിൽ 50 ഹെക്ടർ സ്ഥലത്തും എറണാകുളം ജില്ലയിൽ കളമശ്ശേരി ബ്ലോക്കിലും തൃശ്ശൂർ ജില്ലയിൽ 230 ഏക്കർ സ്ഥലത്തും മുണ്ടകൻ കൃഷി ചെയ്യുന്നുണ്ട്. |
| (ബി) | ഓരു ജലത്തിൽ വളരുന്നതിന് ശേഷിയുള്ള മുണ്ടക നെൽവിത്ത് കേരളത്തിന്റെ വിത്ത് ശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ടോ; കർഷകർക്ക് ഈ വിത്ത് ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) | പൊതുവെ കർഷകർ കൈമാറ്റം വഴിയാണ് മുണ്ടക നെൽവിത്ത് സംഭരിച്ച് നെൽകൃഷിക്ക് ഉപയോഗിച്ച് വരുന്നത്. ഓരു ജലത്തിൽ കൃഷി ചെയ്യാൻ ശേഷിയുള്ള വൈറ്റില 4, വൈറ്റില 6, വൈറ്റില 7, വൈറ്റില 8, വൈറ്റില 9, ചെട്ടിവിരിപ്പ്, ചെറുവിരിപ്പ് എന്നീ വിത്തുകൾ വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേനയും, ഓരു ജലത്തിൽ കൃഷി ചെയ്യാൻ സാധിക്കുന്ന നെൽ വിത്തുകൾ കർഷകരിൽനിന്നും സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്. നെൽവിത്ത് ആവശ്യമുള്ള കർഷകർ സീഡ് അതോറിറ്റിയെ മുൻകൂട്ടി അറിയിച്ചാൽ ആവശ്യമായ വിത്ത് സംഭരിച്ച് നൽകുന്നതാണ്. |
| (സി) | കേരളത്തിന്റെ പൈതൃക സമ്പത്തുകളിലൊന്നായ മുണ്ടക വിത്തുകൾ കർഷകർക്ക് ലഭിക്കുന്നതിനും ആയതിന്റെ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; വിശദീകരിക്കുമോ? | (സി) | കേരളത്തിലെ പൈതൃകമായി ലഭിച്ചിട്ടുള്ള എല്ലാ നെൽവിത്തുകളും സംരക്ഷിക്കുന്നതിനും കർഷകർക്ക് ലഭിക്കുന്നതിനും വിത്ത് ബാങ്ക് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് കൃഷി വകുപ്പ് ഒരു പദ്ധതി രൂപപ്പെടുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ